പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 129 11-06-2012 -ൽ മറുപടിക്ക്.

## അബ്കാരി കേസ്സുകളുടെ തീർപ്പ്

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>" പാലോട് രവി :<br>" കെ. അച്ചുതൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അബ്കാരി കേസ്സുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) അബ്കാരി കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന്, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ / അസി. എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്നിവർ പ്രതിമാസ / ദ്വൈവാര കോൺഫറൻസുകളിൽ കേസന്വേഷണ പുരോഗതി റിവ്യൂ ചെയ്ത്, എത്ര കേസുകൾ വീതം ഓരോ മാസവും ചാർജ് ഷീറ്റ് നൽകണമെന്ന് ഉദ്യോഗസ്ഥർക്ക് ടാർജറ്റ് നൽകി വരുന്നു. കേസന്വേഷണത്തിന്റെ സമഗ്ര പുരോഗതി, അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റിവ്യൂ ചെയ്യുകയും, ജാമ്യമില്ലാ കേസുകൾ ആറുമാസത്തിനുള്ളിലും, ജാമ്യം ലഭിക്കുന്നവ മൂന്നു മാസത്തിനുള്ളിലും അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ബി) എക്സൈസ് വകുപ്പിൽ മൊബൈൽ ലാബുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; | (ബി) എക്സൈസ് വകുപ്പിൽ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ദക്ഷിണ മേഖലക്കായി മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. |

സെക്ഷൻ ആഫീസർ